**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **-3494** 20.06.2019 ൽ മറുപടി നൽകേണ്ടത്

**പി.എസ്.സി. ചെയർമാന്റെ ഔദ്യോഗിക യാത്രാചെലവ്**

| **ചോദ്യം**<br>**ശ്രീ. ഷാഫി പറമ്പിൽ** | **ഉത്തരം**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|
| എ) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഔദ്യോഗിക യാത്രകളിൽ പി.എസ്.സി. ചെയർമാനോടൊപ്പം അദ്ദേഹത്തിന്റെ ജീവിത പങ്കാളി കൂടി യാത്ര ചെയ്യുന്ന വേളകളിൽ അവരുടെ യാത്ര ചെലവ് കൂടി സർക്കാർ വഹിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി.എസ്.സി. സർക്കാരിന് കത്ത് നൽകുവാനുണ്ടായ സാഹചര്യ മെന്താണെന്ന് വ്യക്തമാക്കാമോ; | എ) വർഷത്തിലൊരിക്കൽ നടന്നുവരുന്ന സംസ്ഥാന പി.എസ്.സി അദ്ധ്യക്ഷൻമാരുടെ ദേശീയ സമ്മേളനത്തിൽ അവരുടെ ജീവിത പങ്കാളികൾക്ക് പ്രത്യേക ക്ഷണവും അവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു പ്രത്യേക സെഷനും ഉണ്ട്. ഇത്തരം സമ്മേളനങ്ങൾക്കുള്ള ഔദ്യോഗികമായ ക്ഷണം വരുമ്പോൾ ഇതര സംസ്ഥാനങ്ങളിലേയ്ക്കുള്ള യാത്രയ്ക്ക് ജീവിതപങ്കാളിക്ക് ചെലവാകുന്ന ടിക്കറ്റ് ഫെയർ മാത്രമാണ് ആവശ്യമായി വരുന്നത്. കഴിഞ്ഞ 3 സംസ്ഥാന പി.എസ്.സി അദ്ധ്യക്ഷൻ മാരുടെ ദേശീയ സമ്മേളനത്തിലും സംസ്ഥാന പി.എസ്.സി ചെയർമാൻ സ്വന്തം ചെലവിലാണ് ജീവിതപങ്കാളിയെ പങ്കെടുപ്പിച്ചത്. അടുത്ത സമ്മേളനം 2020-ൽ തിരുവനന്തപുരത്തായ തിനാൽ യാത്രാചെലവിന്റെ ആവശ്യം വരുന്നില്ല. മേൽപറഞ്ഞ ദേശീയസമ്മേളനങ്ങളുടെ പശ്ചാത്തലത്തിലാണ് ഔദ്യോഗികസമ്മേളനങ്ങ ളിൽ ക്ഷണം ഉള്ള ജീവിതപങ്കാളിയുടെ യാത്രാചെലവ് സർക്കാർ വഹിക്കണമെന്ന ആവശ്യം ഉന്നയിച്ചത്. |
| ബി) നിലവിൽ ഔദ്യോഗിക യാത്രാവേളയിൽ ജീവിത പങ്കാളി കൂടി അനുഗമിക്കുന്ന സന്ദർഭങ്ങളിൽ അതിന്റെ ചെലവ് സർക്കാർ വഹിക്കുന്നത് ഏതൊക്കെ പദവിയിലുള്ളവർക്കാണ്; വ്യക്തമാക്കാമോ? | ബി) നിലവിൽ ഔദ്യോഗിക യാത്രാവേളയിൽ ജീവിത പങ്കാളി കൂടി അനുഗമിക്കുന്ന സന്ദർഭങ്ങളിൽ അതിന്റെ ചെലവ് സർക്കാർ വഹിക്കുന്നത് സംബന്ധിച്ച് കേരള സർവ്വീസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ